പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 944 **14-10-2026-ൽ മറുപടിയ്ക്ക്**

പാലാ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മാണി. സി. കാപ്പൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) പാലാ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുതിയതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: പാലാ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

എ) പാലാ മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതികൾ

കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയായ ജല ജീവൻ മിഷനിൽ പെടുത്തി പൂഞ്ഞാർ, പാലാ, നിയോജക മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടി വെള്ളം എത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതി യാണ് മലങ്കര- മീനച്ചിൽ കുടിവെള്ള പദ്ധതി. പാലാ നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നല്കാൻ കഴിയും. 2022 സെപ്റ്റംബറിൽ ഭരണാനുമതി ലഭിച്ച് 2023 ഒക്ടോബർ 21 നു ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ച് കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ചു ശുദ്ധീകരിച്ചു ടി. മണ്ഡലത്തിലെ കടനാട്, രാമപുരം, ഭരണങ്ങാനം, മേലുകാവ്, മൂന്നിലവ്, തലനാട്, മീനച്ചിൽ, തലപ്പലം പഞ്ചായത്തുകളിലേക്കു ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(!) പാക്കേജ് 3 – കടനാട് പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്ത ടി പഞ്ചായത്തിലെ 14 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 3631 ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 166.84 km പൈപ്പ് ലൈനിൽ 61.8 km ദൂരം പൂർത്തിയായി. നിലവിൽ 33% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

2. പാക്കേജ് 4-രാമപുരം പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്ത ടി പഞ്ചായത്തിലെ 18 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 7161 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 320km പൈപ്പ് ലൈനിൽ 161. km ദൂരം പൂർത്തിയായി. നിലവിൽ 50% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

3. പാക്കേജ് 5- ഭരണങ്ങാനം പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്ത ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ

നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 1874 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 134.73 km പൈപ്പ് ലൈനിൽ 49.91 km ദൂരം പൂർത്തിയായി. നിലവിൽ 33% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

4.പാക്കേജ് 6-മേലുകാവ് പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്ത ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 3568 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ ഈ പ്രവർത്തിയോട് അനുബന്ധിച്ചുള്ള ടാങ്കുകളുടെ സർവേ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

5.പാക്കേജ് 7-മൂന്നിലവ് പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്ത ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 2605 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 168.85km പൈപ്പ് ലൈനിൽ 36.88 km supply ചെയ്തു. പൈപ്പ് ലൈനിൽ 8.66 km ദൂരം പൂർത്തിയായി. നിലവിൽ 4 % ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

6.പാക്കേജ് 8-തലനാട് പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പൂഞ്ഞാർ -തെക്കേക്കര പഞ്ചായത്തിലെ വെട്ടിപ്പറമ്പിൽ സ്ഥാപിക്കുന്ന 25 ലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണിയിൽ എത്തിച്ചു അവിടെ നിന്നും പമ്പ് ചെയ്ത ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 3121 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 90.9km പൈപ്പ് ലൈനിൽ 11 km ദൂരം പൂർത്തിയായി. നിലവിൽ 8% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

7.പാക്കേജ് 11 – മീനച്ചിൽ പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ

ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്യു ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 1968 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ ടി പഞ്ചായത്തിലെ പ്രവൃത്തിയുടെ കരാർ ഒപ്പ് വെച്ചു എങ്കിലും പ്രവർത്തി ആരംഭിച്ചിട്ടില്ല .

8.പാക്കേജ് 13 - തലപ്പുലം പഞ്ചായത്ത്

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം ഭരണങ്ങാനം പഞ്ചായത്തിലെ കയ്യൂർ ടാങ്കിൽ എത്തിച്ച് അവിടെ നിന്നും പമ്പ് ചെയ്യു ടി പഞ്ചായത്തിലെ 2 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 597 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു . ആകെ സ്ഥാപിക്കേണ്ട 24.25km പൈപ്പ് ലൈനിൽ 10.8 km ദൂരം പൂർത്തിയായി. പേരുപാറ 3.7 LL OHSR പൂർത്തീകരിച്ചു നിലവിൽ 33% ജോലി പൂർത്തീകരിച്ചിട്ടുണ്ട് .

9) കരൂർ ഗ്രാമപഞ്ചായത്ത്

കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിൽ മീനച്ചിൽ നദി സ്രോതസ്സായി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിദിനം ആറ് ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയോടെ നടപ്പാക്കുന്ന പദ്ധതിയാണ് കരൂർ കുടിവെള്ള പദ്ധതി. 71.39 കോടി രൂപ ഭരണാനുമതി ലഭിച്ച ടി പദ്ധതിയുടെ (AS No. 489/2021/WRD, dated.18/09/2021-56.59 കോടി & AS No.897/2023/WRD dated. 26/10/2023 – 14.80 കോടി) പ്രവർത്തികൾ 8 പാക്കേജുകളായി വിഭജിച്ചിരിക്കുന്നു.

മീനച്ചിലാറിന്റെ തീരത്ത് കടപ്പാട്ടൂർ എന്ന സ്ഥലത്ത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ള 6 മീറ്റർ വ്യാസമുള്ള വെൽ കം പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന ജലം, വലവൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന, ദിവസേന 6 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയിലെത്തിക്കുകയും തുടർന്ന് ശുദ്ധീകരിച്ച് സെൻറ് തോമസ് മൌണ്ട് (0.85 ലക്ഷം ലിറ്റർ), നെല്ലിയാനി (1.8 ലക്ഷം ലിറ്റർ) എന്നിവിടിങ്ങളിൽ നിലവിലുള്ള ഭൂതല ജലസംഭരണികളിലും, IIIT ക്യാമ്പസ് (5 ലക്ഷം ലിറ്റർ), വലവൂർ (6 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജലസംഭരണികളിലും കുടിവെള്ളം എത്തിച്ച് 198.7 കി.മീ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച്

5644 ഗാർഹിക കുടിവെള്ള കണക്ഷനുകളിൽക്കൂടി ശുദ്ധജല വിതരണം നടത്തുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

- ഭരണാനുമതി തുക - 71.39 കോടി
- നൽകുവാൻ ഉദ്ദേശിക്കുന്ന കണക്ഷനുകൾ - 5644
- ജല ശുദ്ധീകരണശാല - 6 ദശ ലക്ഷം ലിറ്റർ
- ജല സംഭരണികൾ - 2 എണ്ണം (5 ലക്ഷം ലിറ്റർ, 6 ലക്ഷം ലിറ്റർ)
- നിലവിലുള്ള ജല സംഭരണികൾ - 2 എണ്ണം (0.85 ലക്ഷം ലിറ്റർ, 1.8 ലക്ഷം ലിറ്റർ)
- ട്രാൻസ്മിഷൻ / പമ്പിംഗ് ലൈനുകൾ - 15.74 കി.മീ
- വിതരണ ശൃംഖല – 182.96 കി.മീ
- പാക്കേജുകൾ - 8 എണ്ണം

പാക്കേജ് 1

- സാങ്കേതിക അനുമതി തുക -1634 ലക്ഷം, തീയതി-19/07/2023
- കോൺട്രാക്ടർ - ജോസഫ് ജോൺ

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ - കരുർ പഞ്ചായത്തിൽ വലവൂരിൽ 6 ദശലക്ഷം ലിറ്റർ ജല ശുദ്ധീകരണ ശാല, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, 17.03 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക, 2863 കണക്ഷനുകൾ തുടങ്ങിയവ.

നിലവിലെ സ്ഥിതി - വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ശുദ്ധീകരണ ശാലയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് soil investigation പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹൈഡ്രോളിക് ഫ്ലോ ഡയഗ്രം WASCON-ൽ നിന്നും അംഗീകാരം ലഭിച്ചു. ജലശുദ്ധീകരണശാലയുടെ ബാക്കി നിർമാണ ഘടകങ്ങളുടെ ഡിസൈൻ അനുമതിക്കായി WASCON - ലേക്ക് സമർപ്പിച്ചിട്ടുണ്ട്. 13.48km പൈപ്പുകൾ സപ്ലൈ ചെയ്ത് 6 കി,മീ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 6.7 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. പ്രവൃത്തികൾ പുരോഗമിക്കുന്നു.

പാക്കേജ് 2

- സാങ്കേതിക അനുമതി തുക- 591 ലക്ഷം, തീയതി -11/07/2023
- കോൺട്രാക്ടർ - Vanguard Constructions.

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ -കരുർ പഞ്ചായത്തിൽ നെല്ലിയാനിയിൽ 21.97 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുകയും, 671 കണക്ഷനുകൾ നൽകുകയും, 3.677 കി.മീ ദൂരത്തിൽ പമ്പിംഗ് മെയിൻ സ്ഥാപിക്കുകയും, 2 പമ്പ് സെറ്റുകൾ തുടങ്ങിയവ.

നിലവിലെ സ്ഥിതി- വർക്ക് അവാർഡ് ചെയ്തു, എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 21.9km വിതരണ പൈപ്പുകൾ സപ്ലൈ ചെയ്തു 15.9 കി. മീ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു.പമ്പിംഗ് മെയിൻ പൈപ്പ് സപ്ലൈ ചെയ്തിട്ടില്ല. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 6.2 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. 249 HTCs നല്കിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു.

പാക്കേജ് 3 –

- സാങ്കേതിക അനുമതി തുക - 322 ലക്ഷം, തീയതി -11/07/2023
- കോൺട്രാക്ടർ - K .S രാഘവമേനോൻ

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ - കരുർ പഞ്ചായത്തിൽ സെന്റ് തോമസ് മൗണ്ടിൽ നിന്നും 10.6 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക 384 കണക്ഷനുകൾ, 1.482 കി.മീ ദൂരത്തിൽ പമ്പിംഗ് മെയിൻ തുടങ്ങിയവ.

നിലവിലെ സ്ഥിതി- വർക്ക് അവാർഡ് ചെയ്തു എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 10.57 കി.മീ പൈപ്പുകൾ സപ്ലൈ ചെയ്തു 9.7 കി. മീ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 1.55 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടുണ്ട്. 384 HTCs നല്കിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു.

പാക്കേജ് 4

- സാങ്കേതിക അനുമതി തുക - 1327 ലക്ഷം, തീയതി -15/07/2023

- കോൺട്രാക്ടർ - ഷോണി പി ജേക്കബ്

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ - കരുര പഞ്ചായത്തിൽ IIIT ക്യാമ്പസിൽ 5 ലക്ഷം ലിറ്റർ ജല സംഭരണി, 53.012 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക, 863 കണക്ഷനുകൾ, 1.4 കി.മീ ദൂരത്തിൽ പമ്പിംഗ് മെയിൻ തുടങ്ങിയവ.

നിലവിലെ സ്ഥിതി- വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 24.6 കി.മീ പൈപ്പുകൾ സപ്ലൈ ചെയ്ത് 7.5 കി. മീ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. 12 FHTC നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 21.46 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. ജല സംഭരണിയുടെ നിർമ്മാണത്തിനാവശ്യമായ 10 സെന്റ് സ്ഥലം IIIT ക്യാമ്പസിൽ ലഭിക്കുകയും, IIIT, KSITIL, KWA എന്നിവർ സംയുക്ത കരാറിൽ ഏർപ്പെട്ട് സ്ഥലം ഏറ്റെടുത്തിരുന്നു. എന്നാൽ IIIT ക്യാമ്പസിൽ CPWD യുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പ്രൊപ്പോസ്ഡ് ടാങ്ക് സൈറ്റിലേക്ക് പ്രവേശിക്കുവാൻ കഴിയാത്തതുമൂലം ടാങ്കിന്റെ നിർമ്മാണപ്രവർത്തനങ്ങളെ ഇത് ബാധിക്കുകയും ചെയ്തു. തുടർന്ന് CPWD യും IIIT യും ചേർന്ന് നടത്തിയ യോഗത്തിൽ alternate route നിർദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പുതിയ സ്ഥലത്ത് site clearance നടത്തുകയും , soil investigation പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. OHSR - ന്റെ ഡിസൈൻ, ഡ്രോയിങ്ങ് അംഗീകാരം ലഭിക്കുവാൻ RIT എഞ്ചിനീയറിംഗ് കോളേജിലേക്ക് 07/05/2026-ൽ സമർപ്പിച്ചിട്ടുണ്ട്.

പാക്കേജ് 5

- സാങ്കേതിക അനുമതി തുക - 600 ലക്ഷം, തീയതി -10/07/2023
- കോൺട്രാക്ടർ - Reena Constructions

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ -കരുർ പഞ്ചായത്തിൽ വലവൂരിന് സമീപം 6 ലക്ഷം ലിറ്റർ ജല സംഭരണി, 13.9 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക, 863 കണക്ഷനുകൾ, 1.93 കി.മീ ദൂരത്തിൽ പമ്പിംഗ് മെയിൻ തുടങ്ങിയവ.

നിലവിലെ സ്ഥിതി - വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 13.9 കി.മീ പൈപ്പുകൾ സപ്ലൈ ചെയ്ത് 7 കി. മീ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. വിതരണ പൈപ്പ് ലൈനും, പമ്പിംഗ് മെയിനും സ്ഥാപിക്കേണ്ട 7.5 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. 125 HTCs നല്കിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു. ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് site clearance

നടത്തുകയും , soil investigation പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്ത് പ്രവൃത്തികൾ ആരംഭിച്ചു.

പാക്കേജ് 6

സാങ്കേതിക അനുമതി തുക- 904 ലക്ഷം, തീയതി -15/07/2023

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ- മീനച്ചിൽ നദിയിൽ കടപ്പാട്ടൂരിൽ സബ്സ്റ്റേഷൻ കം ഓപ്പറേറ്റേഴ്സ് റൂം, പമ്പ് സെറ്റുകൾ, 7.01 കി.മീ ദൂരത്തിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ സ്ഥാപിക്കുക തുടങ്ങിയവ

നിലവിലെ സ്ഥിതി - മൂന്നാമത്തെ റീടെൻഡറിൽ 35% കൂടുതലായി സിംഗിൾ ഓഫർ ആയിരുന്നു. ആയത് അനുമതിയ്ക്കായി സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല. കൂടാതെ കരാറുകാരൻ FIRM Period നീട്ടുവാൻ തയ്യാറായിട്ടില്ല.

പാക്കേജ് 7

- സാങ്കേതിക അനുമതി തുക – 380.7 ലക്ഷം, തീയതി -26/10/2023
- കോൺട്രാക്ടർ - എലിയാസ് ചെറിയാൻ

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ- കരൂർ പഞ്ചായത്തിൽ 23.9 കി.മീ ദൂരത്തിൽ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി.

നിലവിലെ സ്ഥിതി- വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ച് പ്രവൃത്തികൾ പുരോഗമിക്കുന്നു. 8.2 കി മീ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

പാക്കേജ് 8

- സാങ്കേതിക അനുമതി തുക – 1039.3 ലക്ഷം, തീയതി -26/10/2023
- കോൺട്രാക്ടർ - പി എം സണ്ണി

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ- കരൂർ പഞ്ചായത്തിൽ 66. 42 കി.മീ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി

നിലവിലെ സ്ഥിതി- വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 15.37 കി.മീ പൈപ്പുകൾ സപ്ലൈ ചെയ്ത് 9.8 കി. മീപഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 21 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. പ്രവൃത്തികൾ പുരോഗമിക്കുന്നു.

10. എലിക്കുളം ഗ്രാമ പഞ്ചായത്ത്

1. JJM 2021-22 -Laying Pipe lines and Providing FHTCs in WARD I to 16 in Elikkulam Panchayath.

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 49.23 കോടി രൂകയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. വിതരണ ശൃംഖല 146 കിലോമീറ്ററിൽ 125 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു 7000 ൽ 2723 എണ്ണം ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തി 75% പൂർത്തീകരിച്ചു.

2. ജലജീവൻ മിഷൻ 2021 - 22 Providing pumping lines, supply line, construction of new OHSR, pump house and 676 Nos of FHTCs in Elikkulam Panchayath

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2.95 കോടി രൂകയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉന്നതല ജലസംഭരണി, പമ്പ് ഹൗസ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചു. പമ്പിംഗ് മെയിൻ ആകെയുള്ള 1700 മീറ്ററും സ്ഥാപിച്ചു കഴിഞ്ഞു. വിതരണ ശൃംഖല 6000 മീറ്ററിൽ 5178 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു. 676 ൽ 298 എണ്ണം ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തി 70% പൂർത്തീകരിച്ചു.

ബി. പാലാ നിയോജക മണ്ഡലത്തിലെ അമൃത് പദ്ധതികൾ

1. AMRUTH 2 Augmentation 0f UWSS to Pala Municipality in Kottayam District

മേൽ പ്രവർത്തിയുമായി ബന്ധപ്പെട്ട് 5.26 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് 780 FHTC -യിൽ 241 FHTC നൽകിയിട്ടുണ്ട്.

- 150mm DI പൈപ്പ് 1851 m സ്ഥാപിച്ചിട്ടുണ്ട്.
- 90 mm PVC 3834 m സ്ഥാപിച്ചിട്ടുണ്ട്.
- നിലവിൽ 85 ശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. AMRUTH 2(SWAP-3) Augumentation of UWSS to Pala Replacing filter media of WTP Pala and improving distribution system

മേൽ പ്രവർത്തിയുമായി ബന്ധപ്പെട്ട് 1.318 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് 50 FHTC യിൽ 50 FHTC-യും നൽകിയിട്ടുണ്ട്.

- 50 mm GI pipe- 500m, 80mm GI Pipe - 500m, 100mm GI pipe - 100m എന്നീ പൈപ്പ്

ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.

- 40 HP പമ്പ് സെറ്റ് സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്.
- നിലവിൽ 95 ശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സി. പാലാ നിയോജക മണ്ഡലത്തിലെ കെ.ആർ.ഡബ്ല്യൂഎസ്.എ (ജലനിധി)-യുടെ പദ്ധതികൾ

പാലാ നിയോജക മണ്ഡലത്തിലെ കൊഴുവനാൽ പഞ്ചായത്തിൽ കെ.ആർ.ഡബ്ല്യൂഎസ്.എ.-യുടെ 2026-27-ലെ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുന്ന കൊഴുവനാൽ കുടിവെള്ള പദ്ധതിയിൽ അനുഭവപ്പെടുന്ന ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി പുതിയ ഒരു സ്രോതസ് നിർമ്മിക്കുന്നതിനും അനുബന്ധ പ്രവർത്തികൾക്കുമായി 40,00,000 രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. മുത്തോലി ഗ്രാമപഞ്ചായത്തിൽ 7 കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് ഗ്രാമപഞ്ചായത്തിന്റെ പ്ലാനിൽ ഉൾപ്പെടുത്തി അനുവദിച്ച 46,34,700/- രൂപയുടെ പ്രവർത്തികൾ കെ.ആർ.ഡബ്ല്യൂഎസ്.എ. മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.